**<u>ഭരണഭാഷ- മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ : ecostatdir@gmail.com

Website : www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : ശ്രീകുമാർ ബി.)**

വിഷയം :- ഡിഇഎസ് – വിജിലൻസ് വിഭാഗം – ശ്രീ.ജഗത്പ്രസാദ് ശ്രീധർ.ജി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് – അച്ചടക്കനടപടി – സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1. ഈ ഓഫീസിലെ 23/08/2016-ലെ-ഇഎ(3)/20858/2016/ഡിഇഎസ് നമ്പർ ഉത്തരവ്.
2. 30/12/2020-ലെ സ.ഉ.(അ) നം.152/2020/ധന. നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 25/08/2021-ലെ ഡിഇഎസ്/2640/2021-ഇഎ(3) നമ്പർ കത്ത്.
4. ഈ ഓഫീസിലെ 17/04/2024-ലെ ഇതേ നമ്പർ കുറ്റാരോപണ പത്രികയും, കുറ്റപത്രവും.
5. 14/05/2024-ലെ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ2/494/2024-ഡിഒഎ നമ്പർ കത്ത്.
6. ഈ ഓഫീസിലെ 04/07/2024-ലെ ഇതേ നമ്പർ കത്ത്.
7. 07/02/2025-ലെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ 9251010/F2/2025/I&PRD നമ്പർ കത്ത്.
8. 20/03/2025 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9. 30/12/2020-ലെ നം.83/2020/ധന സർക്കുലർ.

**<u>ഉത്തരവ് നമ്പർ:DES/1424/2023-VIG; തീയതി: 23-04-2025</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീ.ജഗത്പ്രസാദ് ശ്രീധർ.ജി-ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി 16/08/2016 മുതൽ അഞ്ചു വർഷത്തേയ്ക്ക് KSR Part I, App.XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി അനുവദിക്കുവാനുള്ള ടിയാന്റെ അപേക്ഷ സൂചന (2) പ്രകാരം പരിഗണിക്കാനാകില്ല എന്നും ഉടൻ തന്നെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും, അല്ലാത്ത പക്ഷം അച്ചടക്കനടപടി സ്വീകരിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ച് സൂചന (3) പ്രകാരം കത്ത് നൽകിയിരുന്നു. തുടർന്ന് ടി വിഷയത്തിൽ ടിയാന് രജിസ്റ്റേർഡ് തപാൽ മുഖേന നൽകിയ നോട്ടീസ് കൈപ്പറ്റാത്തതിനെ തുടർന്ന് മടങ്ങുകയുണ്ടായി. അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (4) പ്രകാരം

നൽകിയ കുറ്റപത്രവും കുറ്റാരോപണ പത്രികയും കൈമാറുന്നതിന് ആലപ്പുഴ ജില്ലാ ഓഫീസിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീ.മധുപാലൻ.ടി.കെ ടിയാന്റെ വസതിയിൽ പോയിരുന്നുവെങ്കിലും ടിയാൻ സ്ഥലത്തില്ലാത്തതിനാൽ ബന്ധുക്കൾ ആയത് കൈപ്പറ്റുന്നതിന് വിസമ്മതിച്ചതായി സൂചന (5) പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന്, ടിയാനെതിരെ സ്വീകരിക്കുന്ന അച്ചടക്കനടപടി ശ്രദ്ധയിൽപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് പ്രചാരത്തിലുള്ള പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി അനക്സർ H5 നോട്ടീസ് സൂചന (6) പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പോർട്ട്മെന്റിന് നൽകിയിരുന്നു. ആയത് പ്രകാരം മലയാള മനോരമ, മെട്രോ വാർത്ത എന്നീ പത്രങ്ങളിൽ അനക്സർ H5 നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ സൂചന (7) പ്രകാരം അറിയിച്ചിരുന്നു. അതിന് ശേഷം ടിയാളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ച വിവരം അറിയിച്ചുകൊണ്ടും, ടി തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കുവാനും പരാമർശം(8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാൽ മുഖേന നൽകിയിരുന്നെങ്കിലും ആയത് കൈപ്പറ്റാതെ മടങ്ങുകയാണ് ഉണ്ടായത്.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീ.ജഗത്പ്രസാദ് ശ്രീധർ ജി. -യെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോളർ ആന്റ് അപ്പീൽ) റൂൾസ്-ലെ റൂൾ 11 (vii) പ്രകാരവും, കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A ചട്ടം 9 പ്രകാരവും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി എടുത്ത തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 16/08/2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

DIRECTOR

Signed by
Sreekumar B
Date: 23-04-2025 16:11:13

ശ്രീ.ജഗത്പ്രസാദ് ശ്രീധർ.ജി, കണ്ടത്തിൽ പറമ്പിൽ, കൃഷ്ണപുരം,
ആലപ്പുഴ – 690 533

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, ആലപ്പുഴ
4. ജീവനക്കാര്യ വിഭാഗം/ഗ്രഡേഷൻ
5. ഫയൽ, കരുതൽ ഫയൽ